കൃഷിയും എല്ലാം തകരും. അപ്പുറത്തിരിക്കുന്നവരും ഇപ്പുറത്തിരിക്കുന്നവരുമെല്ലാം വെളിച്ചമില്ലെങ്കിൽ പുറത്തുതന്നെയാണ്. ആ നിലയിലാണ് പ്രകൃതി നമ്മോട് കാണിക്കുന്ന സമീപനം. അതിനൊരു വഴി കണ്ടുപിടിക്കണം. അതുകൊണ്ട് കക്ഷിവ്യത്യാസമില്ലാതെ കേരളത്തിൽ തെർമൽ പ്ലാൻറ് കിട്ടത്തക്കവിധത്തിൽ സഹകരിച്ചു പ്രവർത്തിക്കണമെന്നഭ്യർത്ഥിക്കുന്നു.

## VIII. സ്പീക്കറുടെ റൂളിംഗ്

മി. സ്പീക്കർ: ഇവിടെ റൂൾ 304 അനുസരിച്ച് ചില ക്രമപ്രശ്നങ്ങൾ ഉന്നയിക്കുകയുണ്ടായി. റൂൾ 304—നെ സംബന്ധിച്ച് ചെയറിന് പൊതുവിൽ ഒരുകാര്യം പറയുവാനുണ്ട്. ഓരോ അംഗത്തിൻേറയും മണ്ഡലത്തിലെ പ്രശ്നങ്ങളും പൊതുപ്രാധാന്യമുള്ള പ്രശ്നങ്ങളും നിയമസഭയിൽ ഉന്നയിക്കുകയും അതിന് ഗവൺമെൻറിൻെറ ഭാഗത്തുനിന്നും മറുപടി ലഭിക്കുകയും ചെയ്യുകയെന്നുള്ളതാണ് റൂൾ 304 കൊണ്ട് ഉദ്ദേശിക്കുന്നത്. ഇതാണ് ഇതിൻെറ പൊതുവായ ലക്ഷ്യം. എന്നാൽ ചിലപ്പോഴെല്ലാം ഈ ലക്ഷ്യത്തിൽനിന്ന് വ്യതിചലിച്ച് ചില സബ്മിഷൻസ് ഉണ്ടാകാറുമുണ്ട്. എന്നുള്ളതും ശരിയാണ്. ഇവിടെ ശ്രീ. കെ.സി. ജോസഫിൻെറ പ്രസംഗം മുഴുവൻ ഞാൻ വായിച്ചുനോക്കി. അദ്ദേഹത്തിൻെറ മുഴുവൻ പ്രസംഗവും എൻെറ മുമ്പിൽ ഉണ്ട്. നാലുകൊല്ലമായി ഗാന്ധിജി യൂണിവേഴ്സിററിയിൽ നടക്കുന്ന ചില കാര്യങ്ങളാണ് അദ്ദേഹം അതിൽ പറഞ്ഞിട്ടുള്ളത്. അദ്ദേഹം പർഞ്ഞ കൂട്ടത്തിൽ ഉന്നയിച്ച ഒരു കാര്യം അദ്ദേഹത്തിചെയ്യാൻ ഉദ്ദേശിക്കുന്നത്, ഇപ്പോഴും ഈ സഭയിൽ ആ ബിൽ സർക്കുലേററ് ചെയ്തിട്ടില്ലെന്നുള്ളതാണ്. അങ്ങനെയൊരു ബിൽ അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്നുവെങ്കിൽ കാലാകാലങ്ങളായി കേരളത്തിലെ ഇപ്പോഴത്തെ ഭരണകക്ഷിയും ഇപ്പോഴത്തെ പ്രതിപക്ഷവും ആവർത്തിച്ച് ആവശ്യപ്പെട്ടതും ജനാധിപത്യസ്വഭാവം നിഷേധിക്കാത്തതുമായ ഒരു സമീപനം ഇക്കാര്യത്തിൽ ഗവൺമെൻറിന് ഉണ്ടാകണം. ഇതെല്ലാം കഴിഞ്ഞ നാലുവർഷമായിട്ടുള്ള കാര്യങ്ങളാണ്. പ്രത്യേകിച്ച് നാലുകൊല്ലമായ പ്ലാനിനത്തിൽ ഗാന്ധിജി യൂണിവേഴ്സിററിക്കുവേണ്ടി തുക കൊള്ളിച്ചിട്ടില്ല. ഈ ഗവൺമെൻറ് അതിന് തുക കൊള്ളിക്കാനായിട്ട് നടപടി സ്വീകരിക്കണം. ഇതാണ് അദ്ദേഹത്തിൻെറ പ്രസംഗത്തിൻെറ പ്രസക്തമായ ഭാഗം. ഇതിൽ അങ്ങനെയൊരു ഇൻസിന്യുവേഷനും ഉള്ളതായി ഞാൻ ഇത് വായിച്ചുനോക്കിയിട്ട് കണ്ടില്ല. ഒരു ഇൻസിന്യുവേഷനോടുകൂടിയും അദ്ദേഹം പറഞ്ഞതായി ഈ പ്രസംഗത്തിൽ ഒരു ഭാഗത്തും കാണാനില്ല. മുഴുവൻ പ്രസംഗവും ഞാൻ വായിച്ചുനോക്കി. അതുപോലെതന്നെ ബഹുമാനപ്പെട്ട ചന്ദ്രശേഖരൻെറ മറുപടിയും ഞാൻ വായിച്ചുനോക്കി. അദ്ദേഹം പെരുമാററത്തിൽ അങ്ങേയററം വിനയമുള്ള ഒരു നേതാവാണെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. പക്ഷേ ചിലപ്പോഴൊക്കെ അദ്ദേഹം മന്ത്രിയാകുമ്പോഴം, മന്ത്രിയായിരിക്കുന്ന സന്ദർഭത്തിൽ ചിലപ്പോഴൊക്കെ സഹിഷ്ണുത എന്നുള്ള ഗുണം അദ്ദേഹം മറന്നുപോകുന്നു.* വേറെയൊന്നും ഇതിനകത്ത് ഇല്ല. വേറെ ഒന്നും ഇല്ല. കുറച്ചുകൂടി സഹിഷ്ണുത ഇക്കാര്യത്തിൽ ഉണ്ടാകണം. ഇത് ഞാൻ വേറെ ഒന്നുംകൊണ്ട് പറയുന്നതല്ല. അദ്ദേഹം വളരെ വിനയത്തോടുകൂടി പെരുമാറാൻ കഴിയുന്ന ഉത്തരവാദപ്പെട്ട ഒരു മന്ത്രിയാണ്.

LIBRARY ARCHIVES Kerala Legislative Assembly

പക്ഷേ അദ്ദേഹം ചിലപ്പോൾ. എന്തുകാരണം കൊണ്ടാണെന്നറിയില്ല, ചില സന്ദർഭങ്ങളിൽ സാഹിബ് എന്നുള്ളത് വിട്ടുപോകുന്നു. അതു മാത്രമാണ് ഇതിനെസംബന്ധിച്ചിടത്തോളം പറയുവാനുള്ളത്.

വേറൊന്നുകൂടി പറയുവാനുണ്ട്. സാധാരണഗതിയിൽ പ്രതിപക്ഷവും ഭരണകക്ഷിയും തമ്മിലുള്ള തർക്കത്തിന്റെ കാര്യത്തിനാണ് സ്പീക്കർക്ക് ചിലപ്പോഴൊക്കെ റൂളിംഗ് തരേണ്ടിവരുന്നത്. ഇപ്പോൾ വന്നിരിക്കുന്ന പ്രശ്നം ഭരണകക്ഷി ഇതിൽ ഒരു കക്ഷിയേ അല്ല. സബ്ജക്ട് കമ്മിറ്റിയുടെ നോട്ടീസ്, സെക്രട്ടറിയേറ്റിൽനിന്ന് നോട്ടീസ് നടത്തിയതിനെ സംബന്ധിച്ചുള്ള ഒരു പ്രശ്നമാണ് ഉന്നയിച്ചിരിക്കുന്നത്. ഭരണകക്ഷിയെ സംബന്ധിച്ചിടത്തോളം ഇതൊരു പ്രശ്നമായിത്തീരുന്നില്ല. ആ നോട്ടീസ് ഞാൻ പരിശോധിച്ചപ്പോൾ ഇവിടെ പറഞ്ഞതുപോലെയുള്ള കാര്യങ്ങൾ ആ നോട്ടീസിൽ ഇല്ല. എന്തുകൊണ്ടാണെന്നാൽ യാതൊരു രാഷ്ട്രീയ പരിഗണനയും ആ നോട്ടീസ് നടത്തുന്നകാര്യത്തിൽ കാണുന്നില്ല. പ്രതിപക്ഷത്തുള്ള മെമ്പർമാരും ഒപ്പുവച്ചിട്ടുണ്ട്. ശ്രീ. പി. ഭാസ്കരൻ ഒപ്പുവച്ചിട്ടുണ്ട്, ശ്രീ. കെ.കെ. നായർ ഒപ്പുവച്ചിട്ടുണ്ട്. അങ്ങനെ പല മെമ്പർമാരും ഒപ്പുവച്ചിട്ടുണ്ട്. അതുകൊണ്ട് രാഷ്ട്രീയ പരിഗണന വച്ചുകൊണ്ടാണ് നടത്തിയതെന്ന് പറയാൻ സാദ്ധ്യമല്ല. ഇന്നലെ മൂന്നരമണിക്കാണ് ഈ സഭ പിരിഞ്ഞത്. മൂന്നരമണിക്ക് സഭ പിരിഞ്ഞപ്പോൾ പല മെമ്പർമാരും ഈ സഭയിൽ ഉണ്ടായിരുന്നില്ല. ആ മെമ്പർമാരെയെല്ലാം നേരിട്ടുവിളിക്കുന്നതിനുള്ള ശ്രമം, സെക്രട്ടറിയേറ്റിൽനിന്ന് നടത്തിയിരുന്നു; ബന്ധപ്പെട്ടിരുന്നു. നടന്നില്ലെന്നുള്ളത് വാസ്തവമാണ്. അതുകൊണ്ട് അതിൽ ആർക്കെങ്കിലും നോട്ടീസ് കിട്ടാതെ പോയിട്ടുണ്ടെങ്കിൽ അത് നിയമസഭാ സെക്രട്ടേറിയറ്റിന്റെ മാത്രം വീഴ്ചയായിരുന്നില്ല; മനഃപൂർവ്വമായിട്ടുള്ള വീഴ്ചയല്ല. അതുകൊണ്ട് വീണ്ടും ഇത് സബ്ജക്ട് കമ്മിറ്റിക്കയയ്ക്കണമെന്നുള്ള വാദഗതി സ്വീകാര്യമല്ല. പിന്നെ ആർക്കെങ്കിലും അങ്ങനെയുണ്ടെങ്കിൽ അമെൻഡ്മെന്റ് കൊണ്ടുവന്ന് അത് ആവശ്യപ്പെടാം. അതുകൊണ്ട് സബ്ജക്ട് കമ്മിറ്റിക്ക് വീണ്ടും അയയ്ക്കണമെന്നുള്ള ആവശ്യത്തോട് ചെയർ വിയോജിക്കുന്നു, അനുവദിക്കുന്നില്ല. ഇതിനെ സംബന്ധിച്ച തീരുമാനമനുസരിച്ചുള്ള പരിപാടികൾ നാളെ നടക്കുന്നതാണ്.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

1987 ആഗസ്റ്റു മാസം 12-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കു ശേഷം 2.24-ന് പിരിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly